**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 461** **05-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് സർക്കുലർ നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നത് സംബന്ധിച്ച് 24/02/2003 ലെ സ.ഉ (കൈ) നം.113/2003/ധന, 02/08/2008 ലെ 41/2008/ധന നമ്പർ പരിപത്രം എന്നിവ നിലവിലുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാഹന ദുരുപയോഗവുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം 2016-17 മുതൽ 2020-21 വരെ ഏതെല്ലാം വകുപ്പുകളിലാണ് ക്രമക്കേട് കണ്ടെത്തിയത്; പിഴയിലൂടെ എത്ര തുക സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ധനകാര്യ പരിശോധന വിഭാഗം 2016-17 മുതൽ 2020-21 വരെ നടത്തിയ പരിശോധനകളിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, പൊതു വിദ്യാഭ്യാസം, ജയിൽ, സർവ്വേയും ഭൂരേഖയും, ആരോഗ്യം, വനം, കൃഷി, ആഭ്യന്തരം, സഹകരണം, ജലസേചനം, ജല വിഭവം, പട്ടികജാതി വികസനം, ഉന്നത വിദ്യാഭ്യാസം, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഹാർബർ എഞ്ചിനീയറിംഗ്, വ്യവസായം എന്നീ വകുപ്പുകളിൽ വാഹന ദുരുപയോഗം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിലെ വാഹന ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും പിഴയിനത്തിൽ ആകെ 15,63,449/- രൂപ ഈടാക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് ശുപാർശ ചെയ്തിട്ടുണ്ട്. അതിൽ ഇതുവരെ 51,890/- രൂപ ഒടുക്കിയിട്ടുള്ളതായി ഭരണ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾ വാഹനം ദുരുപയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തിയിട്ടുണ്ടോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ